**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.229** **18-06-2014 - ൽ മറുപടിയ്ക്ക്**

## 'ഒരു പഞ്ചായത്തിൽ ഒരു കുളം' പദ്ധതി

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:<br>„ ഹൈബി ഈഡൻ:<br>„ ജോസഫ് വാഴക്കൻ:<br>„ വി.ഡി.സതീശൻ: | **ശ്രീ. പി.ജെ.ജോസഫ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) 'ഒരു പഞ്ചായത്തിൽ ഒരു കുളം' എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. 2012-13 ലെ ബഡ്ജറ്റിൽ 'ഒരു പഞ്ചായത്തിൽ ഒരു കുളം' പദ്ധതി പ്രഖ്യാപിച്ചിരുന്നു. അതനുസരിച്ച് 354 കുളങ്ങളുടെ പുനരുദ്ധാരണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ഒരു പ്രദേശത്തിന്റെ ജലലഭ്യതയും കൃഷിയും നിലനിർത്തുക, മഴക്കാലത്ത് ലഭ്യമാകുന്ന അധികജലം സംഭരിച്ച് ജലലഭ്യത കുറഞ്ഞ സമയങ്ങളിൽ കൃഷിയ്ക്കും മറ്റ് ആവശ്യങ്ങൾക്കും ലഭ്യമാക്കുക, ഭൂഗർഭ ജലശോഷണം തടഞ്ഞ് ഭൂഗർഭ ജലവിതാനം ഉയർത്തുക, പാരിസ്ഥിതിക ധർമ്മങ്ങൾക്കായുള്ള ജലം ലഭ്യമാക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്. |
| (സി) എന്തെല്ലാം തരത്തിലുള്ള ധനസഹായങ്ങളാണ് പ്രസ്തുത പദ്ധതി നടത്തിപ്പിനായി പ്രയോജനപ്പെടുത്തുന്നത്; വിശദമാക്കുമോ; | (സി) സംസ്ഥാന സർക്കാരിന്റെ ഫണ്ടുപയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| (ഡി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ? | (ഡി) ആരംഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ വിവിധഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ.**